**കഥാസാരം:** വിനോദ സഞ്ചാരത്തിനായി പോത്തുഗീസിലേക്ക് പോകുന്നവരെയെല്ലാം കാണാതാകുന്നു . അതന്വേഷിക്കാൻ പുറപ്പെട്ട ചാർളിയും പെ ട്രോയും അപ്രത്യക്ഷരായി. അന്വേഷണം പൂച്ചപ്പോലീസ് ഏറ്റെടുത്തു. കേസിനെ പറ്റിയുള്ള ചാർളിയുടെ റിപ്പോർട്ട് പരതുന്ന പൂച്ചപ്പോലീസ്. സീസറിനെ പറ്റിയുള്ള പരാമർശം റിപ്പോർട്ടിലുണ്ട്. അന്വേഷണത്തിന് പൂച്ചപ്പോലീസ് പോത്തുഗീസിലെത്തി. തന്നെ ഫോളോ ചെയ്ത കുറുക്കനെ തിരക്കി ഫാബി യാനോയുടെ മദ്യശാലയിലെത്തുന്ന പൂച്ചപ്പോലീസ് ഫാബിയാനോ ഗ്രേയുടെ പിടിയിലാകുന്നു. അവർ പൂച്ചപ്പോലീസിനെ ജി.എമ്മിന്റെ അടുത്തെത്തി ക്കുന്നു. നിന്നെ പിടികൂടാൻ സീസറിന്റെ നിർദേശമുണ്ടെന്ന് പറയുന്നു ജി.എം. അവിടെ നിന്ന് രക്ഷപ്പെടാൻ ശ്രമിക്കും നേരം പെട്ടെന്നാരോ പൂച്ചപ്പോ ലീസിനെ പ്രഹരിക്കുന്നു.




RING... RING...
ഉം! സീസർ!
ഗാർഡ്സ്! അവന്റെ വായ പൊത്തിപ്പിടിക്ക്. ഒരക്ഷരം പോലും പുറത്ത് കേൾക്കരുത്!
?
ഹലോ ജി എം.
സീസർ, ക്ഷമിക്കണം! ഒരു പ്രത്യേക സാഹചര്യത്തിൽ എനിക്ക് കാറ്റ്പോളിനെ വധിക്കേണ്ടതായി വന്നു.
ഇപ്രാവശ്യം ജീവനോടെ കൊണ്ടുവരാൻ കഴിയില്ല
സീസർ, ഞാൻ ജീവനോടെയുണ്ട്!... അവൻ കള്ളം പറയുകയാണ്!..
കാറ്റ്പോൾ!
ഹ..ഹ..ഹ! ജി.എം. ഇത്ര മോശമാണോ നിന്റെ കാര്യം?. സീസറിനെ ഇനിയും നിനക്ക് മനസ്സിലായിട്ടില്ല അല്ലേ?
നശിപ്പിച്ചു.. വിഡ്ഢികൾ!


അത് പിന്നെ... ക്ഷമിക്കണം... ഒരു നിർബന്ധിതാവസ്ഥ യിൽ... എനിക്കങ്ങനെ പറയേണ്ടി വന്നു.
കാറ്റ്പോളിനെ ജീവനോടെ പുറത്ത് വിടാൻ എനിക്ക് കഴിയില്ല. എന്റെ ഭാവി തന്നെ അപകടത്തിലാവും.
നിങ്ങളെപ്പോലെയുള്ള ആളുകളെ എനിക്കിനിയും ആവശ്യമുണ്ട്. കാറ്റ് പോളിനെ എനിക്ക് ആവശ്യമില്ല! അവനെ എന്ത് വേണമെങ്കിലും ചെയ്തോളൂ...!
വാട്ട്! എല്ലാം എനിക്കെതിരാണല്ലോ ദൈവമേ!
താങ്ക്യൂ സീസർ! ഈ ഉപകാരം ഞാനൊരിക്കലും മറക്കില്ല.
ഹ..ഹ..ഹ..ഹ... ജീഹം ആഗ്രഹിച്ചതും സീസർ കല്പിച്ചതും ഒന്ന് തന്നെ!
ഇനി ആലോചി ക്കാനൊന്നുമില്ല! ഇറ്റ്സ് ടൈം ഫോർ ആക്ഷൻ!!
(തുടരും)